# ‘പരിജ്ഞാനപൂർത്തി പ്രാപിക്കുക’

## ലൂക്കോസ് 24:30,31

‘‘അവരുമായി ഭക്ഷണത്തിന്നു ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു അവർ അവനെ അറിഞ്ഞു; അവൻ അവർക്കു അപ്രത്യക്ഷനായി’’.

എമ്മവുസ് ഗ്രാമത്തിലേക്ക് പോയിക്കൊണ്ടിരുന്ന രണ്ട് യാത്രികരുടെ അനുഭവമാണല്ലോ വചനത്തിൽ നാം കണ്ടത്. ഈ രണ്ടുപേരും അന്ന് യേശുവിന് സംഭവിച്ച കാര്യങ്ങൾ പറഞ്ഞ് തമ്മിൽ തർക്കിക്കുകയും സംഭാഷണം നടത്തുകയും ചെയ്തിരുന്നതായി മനസ്സിലാക്കാം. രണ്ടു വഴിയാത്രക്കാർക്കും യേശു പ്രവർത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നെന്ന് അറിയാമായിരുന്നു. അവൻ അവരെ വീണ്ടെടുപ്പാൻ ഉള്ളവൻ എന്നും ആശിച്ചിരുന്നു. എന്നാൽ ഈ അറിവൊന്നും വാസ്തവമായി യേശു ആരാണെന്നു മനസ്സിലാക്കാൻ അവരെ സഹായിച്ചില്ല.

എന്നാൽ തങ്ങളുടെ കൂടെ നടന്ന യേശുവിനെ കൂടെ പാർപ്പാൻ ക്ഷണിക്കുകയും അവനുമായി ഭക്ഷണം കഴിക്കുന്ന അനുഭവം പങ്കിടുകയും ചെയ്തപ്പോൾ അവരുടെ കണ്ണു തുറന്നു. യേശുവിന്റെ കൈ തൊട്ട് അനുഗ്രഹിച്ച അപ്പത്തിന്റെ വൈശിഷ്ട്യം അവരുടെ മങ്ങിയ കാഴ്ചയ്ക്ക് നിറപ്പകിട്ടേകി. തങ്ങളുടെ കൂടെ നടന്ന വെളിച്ചം തിരിച്ചറിഞ്ഞതോടെ, അതേ കർത്താവിന്റെ സാന്നിദ്ധ്യം മനസ്സിലായതോടെ കണ്ണു തുറക്കുകയും കാണേണ്ടത് കാണേണ്ടതുപോലെ കാണാൻ ഇടയാകുകയും ചെയ്തു.

മരുഭൂമിയിൽ ആശ്രയമറ്റ് തളർന്ന് കരഞ്ഞുകൊണ്ടിരുന്ന ഹാഗാറിന്റെ കണ്ണുകളെ ദൈവം തുറന്നു എന്നു നാം വചനത്തിൽ കാണുന്നു. കണ്ണു തുറന്നപ്പോൾ നീരുറവ കാണുകയും അത് തന്റെ കുഞ്ഞിന്റെ അനുഗഹത്തിന് കാരണമാകുകയും ചെയ്തു.

നാളിതുവരെയും യേശു നമ്മുടെകൂടെ നടന്നിട്ടും അവനെ തിരിച്ചറിയാനും, ആ സാന്നിധ്യത്തിന്റെ മാധുര്യം അനുഭവിക്കാനും നാം പരാജയപ്പെട്ടുവോ? എമ്മവൂസിലേക്കു കടന്നുപോയ ആ വ്യക്തികളെപ്പോലെ യേശുവിനെക്കുറിച്ചുള്ള അറിവ് നമ്മുടെ വാക്കുകളിലും സംഭാഷണങ്ങളിലും ഒതുങ്ങിനിൽക്കാതെ ജീവിതസാക്ഷ്യത്തിൽ വെളിപ്പെടുത്തുന്നവരായി തീരണം. സ്വന്തഭവനത്തിലേക്ക് അവന് ഹൃദയം തുറന്ന് ഒരു ക്ഷണം കൊടുക്കാൻ മറന്നുപോയോ എന്ന് ശോധന ചെയ്യേണ്ടിയിരിക്കുന്നു. മന്ദിരമാകുന്ന, ഭവനമാകുന്ന വിശ്വാസിയുടെ ശരീരം അവന്റെ വാസത്തിനായി പൂർണ്ണമായി ഏല്പിച്ചാൽ കണ്ണുകൾ തീർച്ചയായും തുറക്കും. അവനെ ആഴത്തിൽ അറിയാൻ ഇടയാകും.

യേശുവിന്റെ കൈയിൽനിന്ന് ദിനംതോറും അപ്പം വാങ്ങി ഭക്ഷിക്കാം. അവൻ നുറുക്കി തന്നെങ്കിൽ, സഹോദരരേ, തീർച്ചയായും അത് അനുഗ്രഹമാകും. എബ്രാ. 6:1,2–ൽ കാണുന്നതുപോലെ ''അതുകൊണ്ടു നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.'' ഈ പരിജ്ഞാന പൂർത്തിയിലേക്ക് ഓരോ ദൈവമക്കളും ജയത്തോടെ ഓടുവാൻ കർത്താവ് സഹായിക്കട്ടെ.

കാലം അതിന്റെ അവസാനഘട്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ഇതു തന്നെയല്ലേ ഇന്നും സംഭവിക്കുന്നത്. യേശുവിനെക്കുറിച്ചുള്ള അറിവ് വെറും വാദങ്ങളിലും, തർക്കങ്ങളിലും, സംഭാക്ഷണങ്ങളിലും ഒതുക്കി നിർത്തുന്നു. കൂടെനടക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിന്റെ ശക്തിയും, ബലവും എന്തെന്ന് മനസ്സിലാക്കാൻ പരാജയപ്പെടുന്നു. നമ്മേപ്പറ്റിയുള്ള ദൈവഹിതം എന്തെന്ന് തിരിച്ചറിയാനുള്ള പരിജ്ഞാനം ഇല്ലാത്ത ഒരു അവസ്ഥയിലേക്ക് ദൈവജനം താഴ്ത്തപ്പെടുന്നു. ഇത് ദുഃഖകരമായ അനുഭവം തന്നെയല്ലേ. അതുകൊണ്ട് വ്യർത്ഥഭാഷണത്തിലും തർക്കങ്ങളിലും വാദങ്ങളിലും മുഴുകി സ്വാന്തരക്ഷയുടെ സന്തോഷം ഒട്ടും മങ്ങിപ്പോകാതെ പരിജ്ഞാനപൂർത്തിയിലേക്ക് ഓടുവാൻ കർത്താവ് സഹായിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 119:66

നിന്റെ കല്പനകളെ ഞാൻ വിശ്വസിച്ചിരിക്കയാൽ എനിക്കു നല്ല ബുദ്ധിയും പരിജ്ഞാനവും ഉപദേശിച്ചുതരേണമേ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 022**